## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1120

12.06.2014-ൽ
മറുപടിയ്ക്ക്

# ഭൂമി തട്ടിപ്പിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.ബി.സത്യൻ | ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനവ്യാപകമായി ഭൂമി തട്ടിപ്പ് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉദ്യോഗസ്ഥരുടെ ഒത്താശയുള്ള കാര്യം അറിവുള്ളതാണോ;<br><br>(ബി) വൻതോതിൽ നടക്കുന്ന ഇത്തരം തട്ടിപ്പുകൾ തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സംവിധാനമുണ്ടോ;<br><br>(സി) തട്ടിപ്പിനിരയാകുന്നവരുടെ പരാതി സ്വീകരിക്കുന്നതിലും അന്വേഷിക്കുന്നതിലും റവന്യൂ ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നതും തട്ടിപ്പു സംഘങ്ങൾക്ക് കൂട്ടു നിൽക്കുന്നതുമായ ആക്ഷേപം നില നിൽക്കുന്നുണ്ടോ; | (എ) (ബി) (സി)<br><br>തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി വില്ലേജിലെയും എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലും ഭൂമി തട്ടിപ്പ് നടന്നതായുള്ള പരാതികൾ ലഭിച്ചതിനെ തുടർന്ന് ആയത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിംരാജ് ഉൾപ്പെട്ട കടകമ്പള്ളി ഭൂമി തട്ടിപ്പ് കേസ്സിൽ ഇരയായവരിൽ നിന്നും കരം സ്വീകരിക്കാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഡി) (ഇ) (എഫ്)<br><br>കടകംപള്ളി വില്ലേജിലെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റവന്യൂ സെക്രട്ടറി നടത്തിയ അന്വേഷണത്തോടനുബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം കടകംപള്ളി വില്ലേജാഫീസിലെ അഞ്ച് തണ്ടപ്പേർ രജിസ്റ്ററുകൾ റവന്യൂ സെക്രട്ടറി പിടിച്ചെടുക്കുകയും ബഹു. ഹൈക്കോടതിയിൽ നിന്നുള്ള തുടർ നിർദ്ദേശ പ്രകാരം ടി രജിസ്റ്ററുകൾ വിശദമായ അന്വേഷണത്തിൻെറ ആവശ്യത്തിലേയ്ക്കായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറുകയും ചെയ്തു. |

(ഇ) ഇരകളിൽ നിന്നും കരം സ്വീകരിക്കാമെന്ന് ജില്ലാകളക്ടറുടെ മുൻ നിലപാടിൽ നിന്നും പിന്നോക്കം പോകാൻ കാരണമെന്തായിരുന്നു. നിലപാട് മാറ്റത്തിനു പിന്നിൽ ഉന്നത ഇടപെടൽ ഉണ്ടായിട്ടുണ്ടോ;

(എഫ്) കടകമ്പള്ളി വില്ലേജ് പരിധിയിലെ ഭൂഉടമകളിൽ ആരിൽ നിന്നും നികുതി സ്വീകരിക്കേണ്ട തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ;

രജിസ്റ്ററുകളുടെ അഭാവത്തിൽ കരം സ്വീകരിക്കുന്നതിന് പ്രാവർത്തികമല്ലാത്തതിനാലാണ് കരം സ്വീകരിക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്. അതല്ലാതെ മറ്റു തരത്തിലുള്ള ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

(ജി) കരം സ്വീകരിക്കേണ്ടതില്ലെന്നും ആവശ്യമുള്ളവർ കോടതിയെ സമീപിക്കട്ടെയെന്നും അഡ്വക്കേറ്റ് ജനറൽ കോടതിയിൽ പറയുകയുണ്ടായോ; ഇത് റവന്യു വകുപ്പിൻെറ നിർദ്ദേശപ്രകാരമായിരുന്നോ? ഇങ്ങനെയൊരു നിലപാട് എടുത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

(ജി) അഡ്വക്കേറ്റ് ജനറലിന് ഈ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച് നിർദ്ദേശമൊന്നും നൽകിയിരുന്നില്ല.

സെക്ഷൻ ഓഫീസർ